# വിശ്വാസി

ക്രിസ്തീയ വിശ്വാസത്തിൻെറ പ്രതീകം

VOL. 20 No. 03 | PUBLISHED FROM DELHI | PRICE Rs. 3/- | MARCH 2016


## ഹാർവെസ്റ്റ് മിഷൻ കൺവൻഷനും എച്ച്.എം.സി. ബിരുദ ദാന ശുശ്രൂഷയും

**നോയിഡ:** ഉത്തര ഭാരതത്തിലെ പ്രേക്ഷിത പ്രവർത്തനത്തിൽ തനതായ മുഖമുദ്ര പതിപ്പിച്ച ഹാർവെസ്റ്റ് മിഷൻ ചർച്ചിന്റെ വാർഷിക കൺവൻഷനും ലീഡർഷിപ്പ് സെമിനാറും ഹാർവെസ്റ്റ് ബൈബിൾ കോളജിന്റെ 15-ാം മത് ബിരുദദാന ശുശ്രൂഷയും 2016 മാർച്ച് 15 മുതൽ 20 വരെ നടക്കും. സ്വദേശികളും വിദേശികളുമായ ദൈവദാസന്മാർ ഈ യോഗങ്ങളിൽ ദൈവവചനം ശുശ്രൂഷിക്കും.

15, 16,17 തീയതികളിൽ രാവിലെ 9:30 മുതൽ 5 മണി വരെ വിവിധ ഘട്ടങ്ങളിലായി ശുശ്രൂഷകന്മാർക്കായുള്ള പ്രത്യേക സെമിനാർ ഗ്രേയ്റ്റർ നോയിഡയിൽ ഉള്ള ഹോളി കിങ്ങ്ഡം റിട്രീറ്റ് സെന്ററിൽ വച്ച് നടക്കും. വചന പരിജ്ഞാനവും ആത്മനിറവുമുള്ള ദൈവദാസന്മാർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകും. വിദൂര സ്ഥലങ്ങളിൽ നിന്നും വരുന്ന ശുശ്രൂഷകൻമാർക്ക് താമസസൗകര്യം ഉണ്ടായിരിക്കും.

18, 19, 20 തീയതികളിൽ നോയിഡ, സെക്ടർ-12,ഒ. ബ്ലോക്ക് കമ്മ്യൂണിറ്റി ഹാളിൽ വൈകിട്ട് 6 മണിമുതൽ 9 മണിവരെ കൺവൻഷൻ നടക്കും. പാസ്റ്റർ പോൾ ഗോപാലകൃഷ്ണൻ (കേരളം) ഈ യോഗങ്ങളിൽ മുഖ്യ പ്രഭാഷകനായിരിക്കും.

20-ാം തീയതി രാവിലെ 8 മണിക്ക് സ്നാന ശുശ്രൂഷയും തുടർന്ന് സംയുക്താരാധനയും നടക്കും. ഉത്തർപ്രദേശ്, ഡൽഹി, രാജസ്ഥാൻ, മധ്യപ്രദേശ്, ഹരിയാന, പഞ്ചാബ് എന്നീ സംസ്ഥാനങ്ങളിൽ നിന്നുള്ള ഹാർവെസ്റ്റ് മിഷൻ ചർച്ച് സഭാശുശ്രൂഷകരും വിശ്വാസികളും സംയുക്താരാധനയിൽ പങ്കെടുക്കും.

20-ാം തീയതി വൈകിട്ട് 4 മണിക്ക് ഹാർവെസ്റ്റ് ബൈബിൾ കോളജിന്റെ 15-ാം മത് ബിരുദദാന ശുശ്രൂഷ നോയിഡ, സെക്ടർ-12,ഒ. ബ്ലോക്ക് കമ്മ്യൂണിറ്റി ഹാളിൽ നടക്കും. കോളജ് പ്രിൻസിപ്പൽ ഡോ. ബിജു ജോൺ അദ്ധ്യക്ഷത വഹിക്കുന്ന യോഗത്തിൽ റവ. റോഡ്നി ലീ വൈറ്റ് മുഖ്യസന്ദേശം നൽകും. കോളജ് ഡയറക്ടർ റവ. ബാബു ജോൺ ആമുഖ സന്ദേശം നൽകും.

പാസ്റ്റർ ബിജു ജോണിന്റെ നേതൃത്വത്തിൽ വിവിധ കമ്മറ്റികൾ യോഗങ്ങളുടെ സുഗമമായ നടത്തിപ്പിനായി പ്രവർത്തിച്ചു വരുന്നു.

കഴിഞ്ഞ ഒരു ദശാബ്ദമായി ഉത്തര ഭാരതത്തിലെ സുവിശേഷ പ്രവർത്തനങ്ങൾക്കായി ഒരു കൂട്ടം യുവതീയുവാക്കളെ തയ്യാറാക്കാൻ ഈ സ്ഥാപനത്തിന് കഴിഞ്ഞിട്ടുണ്ട്. പഠനാന്തരം വിവിധ സംസ്ഥാനങ്ങളിലെ എച്ച്. എം. സി. പ്രവർത്തനങ്ങളോട് ചേർന്ന് പ്രവർത്തിക്കുവാനും അവസരമുണ്ട്. അടുത്ത അധ്യയന വർഷത്തെ ക്ലാസ്സുകൾ ജൂൺ അവസാന വാരത്തിൽ ആരംഭിക്കും.

## സ്വവർഗ്ഗരതി: വാദം ഭരണഘടനാ ബഞ്ചിലേക്ക്

**ന്യൂഡൽഹി:** സ്വവർഗ്ഗരതി ക്രിമിനൽ കുറ്റമാണെന്ന 2013-ലെ സുപ്രീം കോടതി വിധി തിരുത്തപ്പെട്ടേക്കാം. സുപ്രീം കോടതിയിൽ ജസ്റ്റിസ് ഠാക്കൂർ അദ്ധ്യക്ഷനായ മൂന്നംഗബഞ്ച് ഒരു ഇടക്കാല ഉത്തരവിലൂടെ സ്വവർഗ്ഗ ലൈംഗീകത സംബന്ധിച്ച കേസ് അഞ്ച് അംഗ ഭരണഘടനാ ബഞ്ചിലേക്ക് റഫർ ചെയ്തു. 2013-ലെ സുപ്രീം കോടതി വിധിയുടെ പിഴവു തിരുത്തൽ ഹർജിയിലാണ് ഇത്തരമൊരു വിധിയുണ്ടായത്.

സ്വവർഗ്ഗ ലൈംഗീകത അധാർമ്മികവും ക്രിമിനൽ കുറ്റവുമാണെന്ന വിധി ഭരണഘടനാ വിരുദ്ധവും വ്യക്തി സ്വാതന്ത്ര്യത്തിന്മേൽ ഉള്ള കടന്നുകയറ്റവുമാണെന്ന് വാദിക്കുന്ന നാസ് ഫൗണ്ടേഷൻ എന്ന എൻ.ജി.ഒയും സ്വവർഗ്ഗ അനുരാഗികളുടെ സംഘടനകളും നൽകിയ ഹർജിയിലാണ് വിധിയുണ്ടായത്.

2013ൽ സ്വവർഗ്ഗ ലൈംഗികത ക്രിമിനൽ കുറ്റമാണെന്ന സുപ്രീം കോടതി വിധി സമ്പാദിക്കുന്നതിൽ മുഖ്യപങ്ക് വഹിച്ചത് സുപ്രീം കോടതി അഭിഭാഷകൻ മനോജ് ഏബ്രഹാം ആയിരുന്നു. മലയാളിയും വിശ്വാസിയുമായ ഇദ്ദേഹം ഇവാഞ്ചലിക്കൽ ഫെല്ലോഷിപ്പ് ഓഫ് ഇന്ത്യയ്ക്ക് വേണ്ടിയാണ് ഈ കേസിൽ വാദിച്ചത്. ബൈബിളിന്റെ അടിസ്ഥാന ത്തിൽ സ്വവർഗ്ഗ ലൈംഗീകത പ്രകൃതി വിരുദ്ധവും അധാർമ്മികവുമാണെന്ന അഡ്വ. മനോജിന്റെ വാദം അംഗീകരിച്ചു കൊണ്ടാണ് സുപ്രീം കോടതി വിധി പറഞ്ഞത്.

<u>**അനുസ്മരണം**</u>

## സച്ചിൻ മൊറാണ്ടിക്ക് വിട


**സുവി. കുര്യൻ പി.സി.**


**സ**ച്ചിൻ മൊറാണ്ടി എന്നായിരുന്നു അവന്റെ പേര്. ബീഹാറിലെ ദർഭംഗ ജില്ലയിൽ ഒരു കത്തോലിക്കാ കുടുംബത്തിലായിരുന്നു ജനനം. സർക്കാർ ഉദ്യോഗസ്ഥനായ പിതാവും രണ്ടാനമ്മയും രണ്ട് സഹോദരങ്ങളും അടങ്ങുന്ന കുടുംബം.

അടൂരിൽ പ്രവർത്തിക്കുന്ന ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജിൽ വേദപഠനത്തിന് വന്നപ്പോൾ ആണ് ഞാൻ സച്ചിനെ ആദ്യമായി കാണുന്നത്. ഞാൻ പഠിച്ചുകൊണ്ടിരിക്കുന്ന ബാച്ചിൽ എന്നോടൊപ്പം ബി.ടി.എച്ച് ആണ് സച്ചിനും പഠിച്ചുകൊണ്ടിരുന്നത്. അവനോടൊപ്പം ഉള്ള പഠിത്തം ഞങ്ങളെ സുഹൃത്തുക്കളാക്കി. നല്ല പൊക്കവും വണ്ണവും ഉള്ള സുന്ദരനായ ഒരുവൻ. എന്നാൽ അവന്റെ ശാരീരിക വലിപ്പത്തിന് അനുസരിച്ചുള്ള സ്വഭാവവലിപ്പം അവനില്ലായിരുന്നു. തീർത്തും പാവാമായ ഒരു കുട്ടിയുടെ സ്വഭാവം. എപ്പോഴും ചിരിച്ചുകൊണ്ടിരിക്കുന്ന സ്വഭാവം. ആരോടും പിണക്കമോ അസൂയയോ അങ്ങനെയുള്ള യാതൊരു ദുർസ്വഭാവ ങ്ങളും ഇല്ലാത്ത ഒരുവൻ.

പഠനത്തിന്റെ ഒഴിവു സമയങ്ങളിൽ ഞങ്ങളോടൊപ്പം ക്രിക്കറ്റുകളിച്ച്, സന്തോഷിച്ച് ചെറിയ വലിയ തമാശകൾ പറഞ്ഞ് ഞങ്ങളേയും ചിരിപ്പിച്ച്, ഞങ്ങളുടെ എല്ലാവരുടേയും ചെരുപ്പുകൾ മാറി മാറിയിട്ട്, കിടക്കകളിൽ കയറികിടന്ന്, ഞങ്ങൾ എന്തെങ്കിലും ദേഷ്യത്തോടെ പറഞ്ഞാൽ, ദേഷ്യപ്പെട്ട് നിൽക്കുന്ന ആളിനെ ചിരിപ്പിക്കുന്ന മറുപടി പറഞ്ഞ് ഞങ്ങളിൽ ഒരുവൻ ആയി അവൻ ഞങ്ങളോടൊപ്പം ജീവിച്ചു.

ഒരു രാത്രിയിൽ ഞാൻ അവനെക്കുറിച്ച് കൂടുതൽ ചോദിച്ചറിഞ്ഞു. ആ ചിരിയുടെ പിന്നിൽ കണ്ണുനീർ മറഞ്ഞിരിപ്പുണ്ടായിരുന്നു. ആ തമാശകൾ താൻ ജനിച്ചതും വളർന്നതുമായ ചില സാഹചര്യങ്ങളുടെ നേരെയുള്ള അവഹേളനം ആയിരുന്നു.

സച്ചിന്റെ ജനനത്തോടെ തന്റെ മാതാവ് ഒരു മനോരോഗിയായി മാറി. എപ്പോഴും മരിക്കണം എന്ന്



മാത്രം പുലമ്പിക്കൊണ്ടിരിക്കുകയും പച്ചമണ്ണ് വാരി കഴിക്കുകയും ചെയ്യുന്ന മാതാവിന്റെ രൂപം അവൻ മറന്നിട്ടില്ല. ബാല്യത്തിൽ തന്നെ മാതാവ് ലോകത്തിൽ നിന്ന് മാറ്റപ്പെട്ടു.

പിതാവ് വീണ്ടും വിവാഹിതനായി. ഈ സ്ത്രീ സച്ചിനെ സ്നേഹിച്ചില്ല, കരുതിയില്ല. എന്ന് മാത്രമല്ല, തന്റെ പിതാവിന് തന്നോടുള്ള വാത്സല്യവും ഇല്ലാതാക്കി. പിന്നീടുള്ള അവന്റെ ജീവിതം വളരെ കഠിനമായിരുന്നു.

ആഹാരമില്ലാതെ, വേണ്ടത്ര വസ്ത്രമില്ലാതെ, സ്നേഹമില്ലാതെ, വെറുക്കപ്പെട്ടവനായി, നിന്ദിക്കപ്പെട്ടവനായി ഉറക്കം ഇല്ലാത്തവനായി ഞാൻ എന്തിന് ജനിച്ചു എന്ന ചോദ്യവുമായി അവൻ നടന്നു. അവന് ആകെ ആശ്വാസമായി സഹായമായി ഉണ്ടായിരുന്നത് അവന്റെ അമ്മാവൻ മാത്രമായിരുന്നു. സ്നേഹപരിലാളനകൾ കിട്ടാതിരുന്നത് മുഖാന്തരം തന്റേടിയായി, താന്തോന്നിയാൽ അവൻ വളർന്നു. അവനെ സ്നേഹിക്കുവാനും കരുതുവാനും ആരും ഇല്ലായിരുന്നുവെങ്കിലും അവനെ കരുതുന്ന സ്നേഹിക്കുന്ന കർത്താവ് അവനെ സ്പർശിച്ചു. ദൈവസ്നേഹത്താൽ നിറയപ്പെട്ട സച്ചിൻ ബൈബിൾ വായിക്കുവാൻ ആരംഭിച്ചു. വചനം ആഴത്തിൽ മനസ്സിലാക്കണം എന്ന ചിന്തയാൽ ഒരു സുഹൃത്തിന്റെ സഹായത്താൽ കേരളത്തിലേക്ക് എത്തി.

കഴിഞ്ഞ രണ്ടുവർഷമായി അടൂർ ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജിൽ വചനം പഠിച്ചുകൊണ്ടിരിക്കുകയായിരുന്നു.

കഴിഞ്ഞ അവധിക്ക് റാഞ്ചിയിൽ ജോലി ചെയ്യുന്ന തന്റെ അമ്മാവന്റെ മകളുടെ അടുക്കൽ അവൻ പോയിരുന്നു. മടങ്ങിവന്നപ്പോൾ പറഞ്ഞു തന്നെ ബാല്യം മുതൽ കരുതി വളർത്തിയ അമ്മാവൻ രോഗശയ്യയിലാണ്, നിങ്ങൾ എല്ലാ വരും പ്രാർത്ഥിക്കണമെന്ന്. എന്നാൽ ജനുവരി പകുതിയായപ്പോൾ അമ്മാവന് രോഗം കലശലായതിനാൽ തനിക്ക് പോയി കാണണം എന്ന ആഗ്രഹത്തോടെ കോളജിൽ നിന്നും അവധി വാങ്ങി റാഞ്ചിയിലേക്ക് പോയി. അവിടെ എത്തി


*ഉൾപേജുകളിൽ...*

| | |
|---|---|
| വിശ്വാസം കേൾവിയാൽ | : പാസ്റ്റർ എം.സാമുവൽകുട്ടി |
| പ്രത്യാശയുള്ള ശരീരം | : പാസ്റ്റർ മനോജ് തമ്പി |
| സുവിശേഷം വരുത്തിയ മാറ്റം | : പാസ്റ്റർ ജോസ് ശാമുവേൽ |
| വേട്ടമലയിലെ മധുരഗാനങ്ങൾ | : ഇവാ. ജോൺ സാമുവൽ മണക്കാല |

പത്രാധിപ ലേഖനം.......

# വിശ്വാസം കേൾവിയാൽ



ആദ്യ ക്രിസ്തീയ സഭാ ചരിത്രകാരൻ എന്ന വിശേഷണം ചാർത്തപ്പെട്ട വൈദ്യനായ ലൂക്കൊസിനാൽ വിരചിതമായതാണ് പുതിയ നിയമത്തിലെ മൂന്നാമത്തെ പുസ്തകമായ ലൂക്കൊസിന്റെ സുവിശേഷം. സുവിശേഷങ്ങളിൽ അതീവ സമഗ്രവും സുദീർഘ്യമായതും ഇതത്രെ. ഇതിലെ അത്യാകർഷക സാഹിത്യശൈലി ഉന്നതനിലവാരത്തിലുള്ളതാണ്. ക്രിസ്തുവിന്റെ സമ്പൂർണ്ണ മനുഷ്യത്വത്തെ ചിത്രീകരിക്കുന്ന സുവിശേഷമാണിത്. വളർച്ച, വികാരം, അനുകമ്പ ആദിയായ മനുഷ്യസ്വഭാവമുള്ളവനായി യേശുവിനെ വെളിപ്പെടുത്തിയിരിക്കുന്നു. നാലു സുവിശേഷങ്ങളിൽ പ്രാർത്ഥിക്കുന്നവനായി ക്രിസ്തുവിനെ 15 പ്രാവശ്യം രേഖപ്പെടുത്തിയിരിക്കുന്നതിൽ 11 പ്രാവശ്യം കാണുന്നത് ലൂക്കൊസ് എഴുതിയ സുവിശേഷത്തിലാണ്. മറ്റ് സുവിശേഷങ്ങളിൽ രേഖപ്പെടുത്താത്ത പ്രാർത്ഥനയെ സംബന്ധിച്ചുള്ള അനേക പഠിപ്പിക്കലുകളും ഇതിൽ കാണാൻ കഴിയും. ഇതിൽ സ്തുതിഗീതത്തിനും സ്ത്രോത്രത്തിനും ഊന്നൽ നൽകിയിരിക്കുന്നു. ഈ സുവിശേഷം ആരംഭിക്കുന്നതും അവസാനിക്കുന്നതും ദൈവാലയത്തിലെ ആരാധനയോടുകൂടിയാണ്. മറിയ, സെഖര്യാവ്, ദൂതന്മാർ, ശിമ്യോൻ എന്നിവരുടെ സ്തുതിഗീതികൾ ലൂക്കൊസ് മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

മറ്റനേക പ്രത്യേകതകൾ ഉള്ള ഈ സുവിശേഷത്തിൽ വിശ്വാസത്തിന്റെ ചില പാഠങ്ങൾ നൽകപ്പെട്ടിരിക്കുന്നു എന്നത് ശ്രദ്ധേയമാണ്. വിശ്വാസം എങ്ങനെ ഉണ്ടാകുന്നുവെന്നും അനുദിന ജീവിതാനുഭവങ്ങളിൽ അത് എങ്ങനെ പ്രയോജനപ്പെടുത്തുവാൻ കഴിയുന്നുവെന്നുമാണ് എട്ടാം അദ്ധ്യായത്തിലെ പ്രധാന വിഷയങ്ങളിലൊന്ന്. ഗ്രഹിക്കുവാൻ മനസ്സുള്ള ഒരു ഹൃദയത്തിലേക്ക്, വിശ്വാസം ദൈവവചന കേൾവിയാൽ വരുന്നുവെന്ന അടിസ്ഥാന സത്യത്തെ ഈ അദ്ധ്യായത്തിന്റെ ആദ്യഭാഗത്തുതന്നെ യേശു തന്റെ ശിഷ്യന്മാരെ പഠിപ്പിക്കുന്നു. രണ്ടാം ഭാഗത്ത് താൻ പഠിപ്പിച്ച സത്യം ശിഷ്യന്മാർ എത്രമാത്രം ഉൾക്കൊണ്ടുവെന്ന് മനസ്സിലാക്കുവാൻ കർത്താവ് ധാരാളം പരീക്ഷകൾ അവർക്ക് നൽകുന്നു. ബൈബിൾ ക്ലാസ്സുകളിൽ സംബന്ധിച്ച് വേദപുസ്തകം പഠിക്കുവാൻ നമ്മിലനേകർക്ക് താത്പര്യമുണ്ട്. എന്നാൽ പഠനത്തിന്റെ അവസാനം വരുന്ന പരീക്ഷകൾ നമുക്കിഷ്ടമല്ല. ജീവിതപരീക്ഷകളിലൂടെയാണ് നമ്മുടെ വിശ്വാസം വളരുന്നതും നാം ക്രിസ്തുവിനോടടുക്കുന്നതും എന്ന സത്യം നാം മറന്നുകളയാൽ പാടില്ല. ഈ ലോകത്തിലെ തത്വചിന്തകന്മാരുടെ വിശ്വാസത്തെക്കുറിച്ചുള്ള നിർവ്വചനങ്ങളിൽ നിന്ന് നമുക്ക് മനസ്സിലാകുന്നത് അവരെല്ലാം അന്ധവിശ്വാസത്തെക്കുറിച്ചാണ് സംസാരിക്കുന്നത്. എന്നാൽ ഒരു യഥാർത്ഥ വിശ്വാസിയുടെ വിശ്വാസം അതിശക്തമായ അടിസ്ഥാനത്തിൻമേൽ നിലനിൽക്കുന്നതത്രെ. ഒരു വ്യക്തിയിലോ ഒരു പ്രതിഭാസത്തിലോ വിശ്വസിച്ചുകൊണ്ടാണ് ഓരോ മനുഷ്യനും ഈ ലോകത്ത് ജീവിക്കുന്നത്. ഒരു വിശ്വാസിയ്ക്കും അവിശ്വാസിക്കും തമ്മിൽ ഉള്ള വ്യത്യാസം ഒരുവൻ വിശ്വസിക്കുന്നു, മറ്റവൻ വിശ്വസിക്കുന്നില്ല എന്നതല്ല, രണ്ടുപേരും വിശ്വസിക്കുന്നുണ്ട്. വ്യത്യാസം അവരുടെ വിശ്വാസകേന്ദ്രത്തിലാണ് . ക്രിസ്തീയ വിശ്വാസി ക്രിസ്തുവിൽ വിശ്വസിക്കുന്നു. അതിന് അവന്റെ അടിസ്ഥാനം ദൈവവചനമാകുന്നു.

തന്റെ അടുക്കൽ വന്നുകൂടിയ പുരുഷാരത്തോട് ഉപമകളായി സംസാരിച്ചിട്ട് കർത്താവ് പറഞ്ഞു കേൾപ്പാൻ ചെവിയുള്ളവൻ കേൾക്കട്ടെ. കേൾവി എന്ന പദം ഒൻപതു പ്രാവശ്യം ഈ ഭാഗത്ത് ആവർത്തിക്കപ്പെട്ടിരിക്കുന്നു. ഇത് വെറുമൊരു ശബ്ദം കേൾക്കുന്ന അർത്ഥത്തിലല്ല ഇവിടെ ഉപയോഗിക്കപ്പെട്ടിരിക്കുന്നത്. ഒരു സന്ദേശം അതിന്റെ ആത്മീയ അർത്ഥത്തിൽ ശ്രദ്ധയോടെ കേട്ട് അതിനെ ജീവിതത്തിൽ ഉൾക്കൊണ്ട് അഭ്യാസപ്പെടുത്തുന്നതിനെയാണ് കേൾവി എന്ന പദം കൊണ്ട് ഇവിടെ ഉദ്ദേശിക്കുന്നത്. വിശ്വാസം കേൾവിയാലും കേൾവി ദൈവത്തിന്റെ വചനത്താലും വരുന്നു (റോമർ 10:17). ഈ അർത്ഥത്തിൽ കർത്താവ് തന്റെ അനുയായികൾക്ക് നൽകിയ മൂന്ന് പ്രബോധനങ്ങളുടെ അർത്ഥം നമുക്ക് മനസ്സിലാക്കാം.

ആദ്യത്തെ ഉപമയ്ക്ക് കർത്താവ് നൽകിയ പേര് വിതയ്ക്കുന്നവന്റെ ഉപമ എന്നത്രേ. ഇതിനെ മണ്ണിന്റെ ഉപമ എന്നും വിളിക്കാവുന്നതാണ്. മണ്ണില്ലാത്ത വിത്തും വിത്തില്ലാത്ത മണ്ണും കൃഷിയെ സംബന്ധിച്ചിടത്തോളം പ്രയോജനരഹിതമാകുന്നു. മനുഷ്യഹൃദയം മണ്ണിനെപ്പോലെയാകുന്നു. ഈ മണ്ണിനെ നല്ലവണ്ണം ഒരുക്കിയാൽ അത് ദൈവവചനം സ്വീകരിക്കുകയും നല്ലൊരു കൊയ്ത്ത് നൽകുകയും ചെയ്യും. നാലുവിധ ഹൃദയങ്ങളെക്കുറിച്ച് കർത്താവ് പഠിപ്പിക്കുന്നു. ഇതിൽ മൂന്നും ഫലങ്ങൾ പുറപ്പെടുവിക്കുന്നില്ല. ദൈവവചനം താത്പര്യപൂർവ്വം കേൾക്കുന്നതോ യേശുക്രിസ്തുവിലൂള്ള വിശ്വാസം ഔപചാരികമായി പ്രഖ്യാപിക്കുന്നതോ രക്ഷിക്കപ്പെട്ടു എന്നതിന്റെ തെളിവല്ല. ഒരുവനിൽ നിന്ന് പുറപ്പെടുന്ന ഫലങ്ങൾ മാത്രമാണ് അവൻ രക്ഷിക്കപ്പെട്ടിരിക്കുന്നു എന്ന സത്യത്തിന്റെ ശരിയായ അളവുകോൽ. നല്ലമണ്ണ് ആണ് ഫലപൂഷ്ടമായ മണ്ണ്. ദൈവവചനം കേട്ട് ഗ്രഹിച്ച്, സ്വീകരിച്ച്, രക്ഷിക്കപ്പെട്ട് സഹിഷ്ണതയോടെ, രക്ഷയുടെ ഫലങ്ങൾ പുറപ്പെടുവിച്ചുകൊണ്ടിരിക്കുന്ന ഒരു വ്യക്തിയെ ഇതു പ്രതിനിധാനം ചെയ്യുന്നു. എല്ലാ വിശ്വാസികളും ഒരേ അളവിൽ ഫലങ്ങൾ നൽകി എന്നു വരികയില്ല. എന്നാൽ അവർ ഏതെങ്കിലും ഫലങ്ങൾ പുറപ്പെടുവിക്കുന്നവരായിരിക്കും. അവരുടെ ആത്മീയജീവിതത്തിന്റെ തെളിവായ ഫലങ്ങൾ മുഖാന്തരം അനേകർ ക്രിസ്തുവിങ്കലേക്ക് നയിക്കപ്പെടും. കർത്താവിന്റെ വേലയ്ക്കായി കൊടുക്കപ്പെടുന്ന പണം, സൽപ്രവർത്തികൾ, ക്രിസ്തീയ സദ്ഗുണങ്ങൾ, കർത്താവിനർപ്പിക്കപ്പെടുന്ന സ്ത്രോത്രയാഗം തുടങ്ങിയവ വിശ്വാസിയിൽ നിന്ന് പുറത്തേക്ക് വരുന്ന ഫലങ്ങളാണ്.

തന്നെ അനുഗമിച്ചവരിൽ ഭൂരിഭാഗം പേരും ആത്മാർത്ഥതയോടെ വചനം കേൾക്കുകയോ അത് സ്വീകരിക്കുകയോ, ചെയ്യുന്നില്ലായെന്ന് കർത്താവ് നന്നായറിഞ്ഞിരുന്നു. ശിഷ്യന്മാരുടെ ഭാവി ശുശ്രൂഷയെ മുന്നിൽ കണ്ട് അവരേയും നമ്മെയും ധൈര്യപ്പെടുത്തുവാനത്രെ കർത്താവ് ഈ ഉപമ പറഞ്ഞത്. നാം ചെയ്യുന്ന പഠിപ്പിക്കലിന്റെയും പ്രസംഗങ്ങളുടെയും സാക്ഷീകരണത്തിന്റെയും ഒരു ചെറിയ അംശം പോലും കൊയ്ത്തും ഫലശേഖരവും നടന്നുകാണാത്തതിൽ പലപ്പോഴും നാം നിരാശരാകാറുണ്ട്. വിതയ്ക്കുന്ന വന്റെയോ വിത്തിന്റെയോ കുഴപ്പം കൊണ്ടല്ല പലപ്പോഴും ഇപ്രകാരം സംഭവിക്കുന്നത്. മണ്ണിന്റെ കുഴപ്പം കൊണ്ടത്രെ. ദൈവത്തിനു കീഴ്പ്പെടുന്നതിലും മാനസാന്തരപ്പെടുന്നതിലും ദൈവവചനം സ്വീകരിക്കുന്നതിലും എപ്പോഴും വൈമുഖ്യം പ്രകടിപ്പിക്കുന്ന ഒന്നത്രെ മനുഷ്യഹൃദയം.

വിശ്വാസമെന്നത് ബുദ്ധിപരമായ ഒരു കാര്യമല്ല. അല്ലെങ്കിൽ ഒരു വിദ്യാഭ്യാസ വിഷയവുമല്ല. വിശ്വാസമെന്നത് ദൈവവചനത്തെ സ്വീകരിക്കുവാൻ വിനയത്തോടെ ഹൃദയത്തെ ഒരുക്കുന്നതത്രെ( യാക്കോ. 1:19-20). ജ്ഞാനികളും വിവേകികളും ദൈവീക സത്യങ്ങളോട് അന്ധന്മാരായിരിക്കുമ്പോൾ ശിശുക്കൾ അത് വേഗത്തിൽ മനസ്സിലാക്കുന്നു(മത്തായി 11:20-26). ദൈവവചനം കേൾക്കുക എന്നതും ഗ്രഹിക്കുക എന്നതും വളരെ ഗൗരവത്തോടെ നാം ചെയ്യേണ്ട കാര്യങ്ങളാത്രെ. കാരണം വചനം മറ്റുള്ളവരോട് പങ്കുവയ്ക്കേണ്ട ചുമതല നമുക്കുണ്ട്. ദൈവവചനം സ്വീകരിക്കുന്ന ഏവനും വിത്ത് വിതയ്ക്കുന്നവനായി മാറും. അവൻ പ്രകാശവാഹകനും ദൈവവചനത്തിന്റെ സംപ്രേഷകനുമായി മാറും. നമ്മിൽ തന്നെ ഒതുക്കിവച്ചാൽ നമുക്ക് നഷ്ടമാകും. മറ്റുള്ളവരുമായി പങ്കുവച്ചാൽ നമുക്ക് കൂടുതൽ ലഭിക്കും. വചനം കേട്ട് വിശ്വാസം വർദ്ധിപ്പിച്ച് അത് പങ്കുവയ്ക്കുന്നവരായും വചനം ജീവിതത്തിൽ പ്രാവർത്തികമാക്കുന്നവരായും നമുക്ക് മാറാം.

**പാസ്റ്റർ എം. സാമുവൽകുട്ടി**

# സച്ചിൻ മൊറാണ്ടിക്ക് വിട

(ഒന്നാം പേജിൽ നിന്ന് തുടർച്ച)

അമ്മാവനെ കണ്ടു. ചില ദിവസങ്ങൾക്ക് അകം അമ്മാവൻ മരിച്ചു. ചില ദിവസങ്ങൾക്ക് ശേഷം സ്വദേശമായ ബീഹാറിലേക്ക് പോയി. അവിടെ വച്ച് കഴിഞ്ഞ ഫെബ്രുവരി 5ന് ഉണ്ടായ ഒരു വാഹന അപകടത്തിൽ സച്ചിനും തന്റെ ഒപ്പം ഉണ്ടായിരുന്ന സുഹൃത്തും സംഭവസ്ഥലത്ത് വച്ച് മരിച്ചു.

കഴിഞ്ഞ രണ്ട് വർഷമായി തന്റെ ജീവിതത്തിൽ വളരെ മാറ്റം സംഭവിച്ചിരുന്നു. റാഞ്ചിയിൽ സി.ബി.ഐ യിൽ എസ്.ഐ. ആയ അമ്മാവന്റെ മകൾ ലില്ലി സച്ചിനെകുറിച്ച് ഇപ്രകാരം പറഞ്ഞു; അവൻ ഇവിടെ നിന്ന് കേരളത്തിലേക്ക് പോയപ്പോൾ വളരെ മുൻകോപിയും അനുസരണയില്ലാത്തവനും ഒക്കെ ആയിരുന്നു. എന്നാൽ അവൻ ആദ്യം അവധിക്ക് വന്നപ്പോൾ തന്നെ അവനിൽ ചില മാറ്റങ്ങൾ പ്രകടമായിരുന്നു. രണ്ടാം പ്രാവശ്യം വന്നപ്പോൾ ആൾ ആകെ മാറിയിരുന്നു. യേശു അവന്റെ സ്വഭാവം പാടെ മാറ്റിയിരുന്നു.

സച്ചിൻ ഇപ്പോൾ ഞങ്ങളുടെ ഇടയിൽ ഇല്ല. ഓർക്കുമ്പോൾ വേദനയുണ്ടെങ്കിലും അവൻ പോയ സ്ഥലത്തെക്കുറിച്ചും അവന്റെ പ്രത്യാശയെക്കുറിച്ചും നിശ്ചയമുള്ളതിനാൽ സന്തോഷം ഉണ്ട്. എന്തെന്നാൽ അവൻ കർത്താവിനെ രക്ഷിതാവായി സ്വീകരിക്കുകയും ജലസ്നാനത്താൽ സാക്ഷീകരിക്കുകയും അതിനു ശേഷം യോഗ്യമായ ജീവിതം നയിക്കുകയും ചെയ്തിരുന്നു. ഇത് വായിക്കുന്ന പ്രീയ വായനക്കാരെ, നിന്റെ ജീവിതത്തിൽ യേശുവിന് എന്ത് സ്ഥാനമാണ് ഉള്ളത്? തന്റേടിയും നിഷേധിയുമായിരുന്ന സച്ചിനെ രൂപാന്തരപ്പെടുത്തിയ യേശുക്രിസ്തു നിങ്ങളേയും സ്നേഹിക്കുന്നു... സച്ചിൻ... നീ നേരത്തെ പോയി. എന്റെ നാടും അതാണ്. ഞാനും വരും അവിടെ... ഇന്നല്ലെങ്കിൽ നാളെ!.

# വിവാഹിതരായി

**അടൂർ:** അന്തിച്ചിറ ഫെയ്ത്ത് ഫെല്ലോഷിപ്പ് സഭാംഗവും മണക്കാല തുവയൂർ വടക്ക് മാങ്കൂട്ടത്തിൽ വീട്ടിൽ ബേബികുട്ടിയുടെയും പൊന്നമ്മയുടേയും മകൻ എബിയും ഇളമ്പൽ ദ പെന്തക്കൊസ്തു മിഷൻ സഭാംഗവും ഇളമ്പൽ മൈലാടുംപാറ വീട്ടിൽ റെയ്ച്ചൽ ജോർജിന്റെ മകൾ ജ്യോതിയും തമ്മിലുള്ള വിവാഹം 2016 ഫെബ്രുവരി 25 വ്യാഴാഴ്ച ചൂരക്കോട് ഹരിശ്രീ ആഡിറ്റോറിയത്തിൽ വച്ച് ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ച് പ്രസിഡന്റ് പാസ്റ്റർ എം. സാമുവൽകുട്ടിയുടെ കാർമ്മികത്വത്തിൽ നടന്നു. നവദമ്പതികൾക്ക് *വിശ്വാസി* മാസികാ പ്രവർത്തകരുടെ ആശംസകൾ!




വരിസംഖ്യ നിരക്ക്
ഒരുവർഷത്തേക്ക്

| | | |
|---|---|---|
| ഇന്ത്യയിൽ | | :36 രൂപ |
| ഗൾഫ് | | :300 രൂപ |
| യു.എസ് | $ | :10 |
| കാനഡ | $ | :10 |


## ക്ഷണിക്കുന്നു

*വിശ്വാസി*യിൽ പ്രസിദ്ധീകരിക്കുന്നതിന് ലേഖനങ്ങൾ, കവിതകൾ, വാർത്തകൾ, ഭാവനകൾ,ചെറുകഥകൾ എന്നിവ ക്ഷണിച്ചുകൊള്ളുന്നു.

*-പത്രാധിപർ*


എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ
പാസ്റ്റർ എം. സാമുവൽകുട്ടി

അസ്സോസിയേറ്റ് എഡിറ്റേഴ്സ്
തോമസ് ഡാനിയേൽ
പാസ്റ്റർ ബിജു ബഞ്ചമിൻ
പാസ്റ്റർ ബിനോയി പി. ജോൺ
ഷിബു തമ്പി

പ്രൊഡക്ഷൻ & സർക്കുലേഷൻ മാനേജർ
ചെറിയാൻ ഡാനിയേൽ


ടൈപ്പ് സെറ്റിങ്ങ് : *വിശ്വാസി* ഗ്രാഫിക്സ്, ഡൽഹി

വചനദീപ്തം

# പ്രത്യാശയുള്ള ശരീരം

ദൈവീക സൃഷ്ടിയിൽ ശ്രേഷ്ഠവും അതിശയകരവുമായ യാഥാർത്ഥ്യമാണ് മനുഷ്യൻ. ചിന്തിക്കുവാനും ചിരിക്കുവാനും തെരഞ്ഞെടുക്കുവാനുമൊക്കെ കഴിവുള്ള മനുഷ്യന് ഇതരസൃഷ്ടികളുടെ മേൽ അധികാരവും അവയെ നിയന്ത്രിക്കുവാനുള്ള ശക്തിയും സൃഷ്ടാവ് നൽകി. ചിറകില്ലാതെ പറക്കുവാൻ വെള്ളത്തിനടിയിൽ വസിക്കുവാൻ, നക്ഷത്ര ങ്ങളിൽ കയറിപ്പോകുവാൻ ഇനിയും ഭൂമിയിലുള്ള സാധ്യതകളെ കണ്ടെത്തുവാൻ മനുഷ്യൻ ഉപാധികളെ നിർമ്മിച്ചിരിക്കുന്നു. ആന്തരികവും ബാഹ്യവുമായ മനുഷ്യന്റെ അവയവങ്ങൾ, അവയുടെ ഉപയോഗങ്ങൾ, പ്രതികരണങ്ങൾ എന്നിവ ചിന്തിച്ച സങ്കീർത്തന രചയിതാവ് എഴുതി: "ഭയങ്കരവും അതിശയകരവുമായി നീ എന്നെ സൃഷ്ടിച്ചിരിക്കുന്നു." ഭൂമിയിൽ നിന്നും ഒൻപത് കോടി മൈൽ അപ്പുറം സ്ഥിതി ചെയ്യുന്ന സൂര്യനെ കാണുന്ന മനുഷ്യനേത്രം വെളിച്ചത്തോട് പ്രതികരിക്കുന്ന ഒരു അവയവമാണ്. കാഴ്ചകൾ കാണുവാനുള്ള കണ്ണുകൾ നൽകിയ ദൈവം ആഗ്രഹിക്കുന്നത് വിശാലവും മനോഹരവുമായ സൃഷ്ടിജാലങ്ങളെ കണ്ട് സൃഷ്ടാവിനെ ഓർക്കുക എന്നതാണ്.

മിനിട്ടിൽ 72 പ്രാവശ്യം സ്പന്ദിക്കുന്ന മനുഷ്യഹൃദയം സദാപ്രവർത്തനനിരതവും ശരീരഭാഗങ്ങളിലേക്ക് രക്തസാന്നിദ്ധ്യം നൽകുന്നതുമാണ്. ഹൃദ് എന്ന സംസ്കൃത പദത്തിൽ നിന്നാണ് ഹൃദയം എന്ന വാക്ക് രൂപം പ്രാപിച്ചത്. കേന്ദ്രം, മധ്യം എന്നിങ്ങനെ അതിന്റെ അർത്ഥതലങ്ങൾ വിശാലമാക്കപ്പെട്ടിരിക്കുന്നു. ശ്രവണശേഷിക്ക് വ്യത്യസ്തകളുള്ള ജീവിക ളുടെ ഇടയിൽ ശബ്ദതരംഗങ്ങളെ ആഗിരണം ചെയ്യുന്ന പ്രക്രിയയ്ക്ക് പുറമേ ശരീരത്തിന്റെ സംതുലിതാവസ്ഥയെയും നിയന്ത്രിക്കുന്നതിൽ മനുഷ്യന്റെ ചെവി പ്രധാനപ്പെട്ട കർമ്മമാണ് നിർവ്വഹിക്കുന്നത്.

മനുഷ്യന്റെ ജീവൻ നിലനിർത്തുന്നതിൽ ആവശ്യമായ പ്രധാനപ്പെട്ട അവയവമാണ് മൂക്ക്. മണം തിരിച്ചറിയുവാനും നാസിക അഥവാ മൂക്ക് മനുഷ്യന് സഹായകമാണെങ്കിലും ഇതര ജീവികളെപ്പോലെ മണം തിരിച്ചറിയുവാനുള്ള കഴിവ് വിശാലത പ്രാപിച്ചിട്ടില്ല. നാവ് അല്ലെങ്കിൽ നാക്ക് പേശികളുടെ ഒരു കൂട്ടമാണ്. ഭക്ഷണം ചവയ്ക്കുന്നതിനും, വിഴുങ്ങുന്നതിനും, രുചി അറിയുന്നതിനും, സുഗമമായ ചലനശേഷിയിലൂടെ സംസാരിക്കുവാനും നാവ് നമ്മെ സഹായിക്കുന്നു. ശരീരത്തിൽ ഏറ്റവും ബലമുള്ള പേശിയും, ശരീരത്തിൽ ഏറ്റവും വേഗത്തിൽ സുഖം പ്രാപിക്കുന്നതുമായ അവയവം നാവ് മാത്രമാണ്. സങ്കീർണ്ണമായ ഘടനയുള്ളതും വിവിധതരത്തിലുള്ള ധർമ്മങ്ങളുള്ളതുമായ ആന്തരിക അവയവമാണ് വൃക്കകൾ. രക്തത്തിൽ നിന്നും അപദ്രവ്യങ്ങളും ധാതുലവണങ്ങളും നീക്കം ചെയ്ത് ശരീര ദ്രവ്യങ്ങളുടെ സന്തുലിതാവസ്ഥ നിലനിർത്തുന്നത് വൃക്കകളാണ്. മുകളിൽ പ്രസ്താവിച്ച ബാഹ്യവും ആന്തരികവുമായ അവയവങ്ങളുടെ ധർമ്മങ്ങളും വ്യവസ്ഥകളും മനസ്സിലാക്കുമ്പോൾ അവ ഏറ്റവും ഹൃദ്യവും ചിന്തിക്കുവാൻ ദുഷ്ക്കരവുമായി തോന്നും.

എന്നാൽ ഇവയൊക്കെ സൃഷ്ടിച്ച സർവ്വശക്തനായ ദൈവത്തിന് മനുഷ്യന്റെ ശരീരത്തിൽ അധികാരമുണ്ടെന്നും, നമ്മുടെ ശരീരം ദൈവത്തിന്റെ ആലയമാണെന്നും, ഇനി നാം ജീവിക്കുന്നത് ശരീരത്തിന്റെ ഇഷ്ടപ്രകാരമാകരുതെന്നും തിരുവചനം നമ്മെ പഠിപ്പിക്കുന്നു. മനുഷ്യശരീരത്തിന്റെ അനന്തസാധ്യതകളും നിസ്തുല്യമായ കഴിവുകളും പഠിക്കുമ്പോൾ തന്നെ അതിന്റെ പരിമിതികളും നമുക്ക് ചിന്തിക്കേണ്ടിയിരിക്കുന്നു. തിരുവചനപ്രകാരം പാപം മനുഷ്യനെയും മനുഷ്യശരീരത്തെയും പരിമിതിയുള്ളതാക്കി തീർത്തു. ഉയർന്ന പ്രതലത്തിൽ നിന്നും ആഴത്തിലേക്ക് ചാടുവാൻ മനുഷ്യന് സാധിക്കുന്നില്ല, സ്വന്തം ശിരസിന്റെ പിൻഭാഗം സ്വന്തം കണ്ണുകൊണ്ട് കാണുവാൻ അവന് കഴിവില്ല, ജലാശയങ്ങൾക്ക് മീതെ പാദമൂന്നി നടക്കുവാനോ നിൽക്കുവാനോ മനുഷ്യൻ അപ്രപ്തനാണ്. വായുവില്ലാതെ ജീവിക്കുക ചിന്തിക്കുവാൻ പ്രയാസമുള്ളതും അസാധ്യവുമാണ്. ഭക്ഷണവും വെള്ളവുമില്ലാത്ത ലോകം ശ്മശാന സമാനമാണ്.

തിരുവചനപ്രകാരം മനുഷ്യശരീരം താഴ്ചയുള്ളതാണ് (ഫിലി.3:21), അഴിഞ്ഞ് പോകുന്നതാണ്, ദൈവത്തിന്റെ മന്ദിരമാണ്, ആത്മാവിന്റെ ദീപമാണ്, പുനരുത്ഥാനത്തിനുള്ളതാണ്, രൂപാന്തരപ്രതീക്ഷിതമാണ്, മർതൃമായതും, അമർതൃതയെ ആശ്ലേഷിക്കേണ്ടതുമാണ്. കഷ്ടതയുടെ കൂട്ടുകാരനായി മാറിയതിലൂടെ പുനരുത്ഥാന പ്രത്യാശയുടെ പഴയനിയമ പ്രതിപുരുഷനായ ഇയ്യോബ് എഴുതിയത് ശ്രദ്ധേയമാണ്. എന്റെ ത്വക്ക് ഇങ്ങനെ നശിച്ചശേഷം ഞാൻ ദേഹസഹിതനായി ദൈവത്തെ കാണും (ഇയ്യോബ് 19:26). വിശ്വസ്തവിശ്വാസത്തിന്റെ വിശ്വപ്രതിരൂപമായ ദാനിയേലിനോട് ഹിദ്ദേക്കൽ മഹാനദീ തീരത്ത് വച്ച് തേജസ്ക്കരിക്കപ്പെട്ട പുരുഷനെപ്പോലെ വീരനായ ദൈവം സംസാരിച്ചു. നിലത്തിലെ പൊടിയിൽ നിദ്രകൊള്ളുന്നവരിൽ പലരും ഉണരും(ദാനി. 12.2). യേശുക്രിസ്തുവിന്റെ പുനരുത്ഥാനവും അനന്തര സംഭവങ്ങളും ശരീരത്തിന് പുനരുത്ഥാനപ്രതീക്ഷ നൽകിയിരിക്കുന്നു. പുനരുത്ഥാനത്തിന്റെ പുത്തൻ പ്രഭാതത്തിനായി ഇന്ന് പൊടിയിൽ വിശ്രമിക്കുന്ന മരിച്ചവരുടെ ശരീരങ്ങൾ കാത്തിരിക്കുമ്പോൾ അവരോടൊപ്പം ജീവനുള്ളവർ രൂപാന്തരശരീരത്തിനായും കാത്തിരിക്കുന്നു. അതെ, ഈ മർത്യശരീരത്തിന് വിൺമയമായ സ്വഭാവം നൽകി ശരീരത്തെ വീണ്ടെടുക്കുവാൻ നമ്മുടെ നാഥൻ വാതിൽക്കലായിരിക്കുന്നു.

യേശുക്രിസ്തുവിന്റെ പുനരുത്ഥാനവും അനന്തര സംഭവങ്ങളും ശരീരത്തിന് പുനരുത്ഥാനപ്രതീക്ഷ നൽകിയിരിക്കുന്നു. പുനരുത്ഥാനത്തിന്റെ പുത്തൻ പ്രഭാതത്തിനായി ഇന്ന് പൊടിയിൽ വിശ്രമിക്കുന്ന മരിച്ചവരുടെ ശരീരങ്ങൾ കാത്തിരിക്കുമ്പോൾ അവരോടൊപ്പം ജീവനുള്ളവർ രൂപാന്തരശരീരത്തിനായും കാത്തിരിക്കുന്നു. അതെ, ഈ മർത്യശരീരത്തിന് വിൺമയമായ സ്വഭാവം നൽകി ശരീരത്തെ വീണ്ടെടുക്കുവാൻ നമ്മുടെ നാഥൻ വാതിൽക്കലായിരിക്കുന്നു



പാസ്റ്റർ മനോജ് തമ്പി
മങ്ങാട്

## സുവിശേഷം വരുത്തിയ മാറ്റം

(നാലാം പേജിൽ നിന്ന് തുടർച്ച)

ഭാവനകൾ അവർണ്ണനീയമാണ്.

**1. ശരിയായ വസ്ത്രധാരണം**

ഭാരതത്തിന്റെ കാശ്മീർ മുതൽ കന്യാകുമാരിവരെയുള്ള സ്ഥലങ്ങളിൽ ശരിയായ നിലയിൽ വസ്ത്രധാരണം നടത്തുവാൻ അറിയില്ലായിരുന്നു. ഇന്നും ചിലയിടങ്ങളിൽ ഈ സമ്പ്രദായം കടന്നുവരുന്നു. കേരളത്തിന്റെ കാശ്മീർ എന്നറിയപ്പെടുന്ന സ്ഥലമാണ് മറയൂർ. പ്രകൃതി രമണീയവും പ്രശാന്തസുന്ദരവുമായ മലമടക്കുകളാൽ നിബിഡമായ വനഭൂപ്രദേശം കഞ്ചാവും, ചന്ദനവും വിളയുന്ന മലയോരം. മുതുവർ എന്നു പറയുന്ന ഒരു തരം ഗോത്രവർഗ്ഗം വനപ്രദേശങ്ങളിൽ താമസിക്കുന്നു. കാട്ടാനകളും മറ്റു വന്യമൃഗജീവികളും ഇടകലർന്നു താമസിക്കുന്നു. ഈ പ്രദേശത്ത് തികച്ചു വസ്ത്രധാരണം നടത്താതെ താമസിക്കുന്നു. നാട്ടിന് പുറത്തുള്ള ആരെയെങ്കിലും അവിടെ കണ്ടാൽ ഓടിയൊളിക്കുന്നു. തമിഴ് കലർന്ന ഒരുതരം മലയാളം സംസാരിക്കുന്നു. എന്നാൽ ചില സുവിശേഷകന്മാർ കാട്ടാനകളെ ഭയക്കാതെ കാടും മേടും ചവിട്ടി സുവിശേഷം അറിയിച്ചുകൊണ്ടിരിക്കുന്നു. തൽഫലമായി ചില ഗോത്രവർഗ്ഗക്കാർ ദൈവത്തെ ആരാധിക്കുവാൻ കടന്നുവരുന്നു. മാത്രമല്ല. നല്ല വസ്ത്രം ധരിക്കുകയും ആഹാരം കഴിക്കുകയും ചെയ്യുന്നു.

**2. വിദ്യാഭ്യാസം**

നമുക്ക് ലഭിക്കുന്ന വിദ്യാഭ്യാസം ക്രൈസ്തവ മിഷനറിമാരുടെ സംഭാവനകളാണ്. നിരക്ഷരരായ ഭാരതം ഇന്ന് സാക്ഷരതയിൽ അഭിമാനിക്കുന്നു. കേരളം സാക്ഷര കേരളം സുന്ദരകേരളം എന്ന് അഭിമാനിക്കുന്ന മലയാളത്തിൽ എഴുത്തിൽകൂടി, വായനയിൽകൂടി നാം ആശയ വിനിമയം നടത്തുന്നു. ഇത് ആരുടെ സംഭാവനയാണ്. വിദേശ മിഷനറിയുടെ സംഭാവനയാണ്. എഴുത്തും വായനയും അറിയാതിരുന്ന കേരളക്കരയിൽ വിദേശമിഷനറി കടന്നുവന്ന് തമിഴ് എന്ന ഭാഷയിൽ നിന്ന് മലയാളം അടർത്തിയെടുത്ത് അതിനു ലിപിയും ഭാഷയും നൽകി നമ്മുടെ കരത്തിൽ തന്നു. പക്ഷേ ഇന്ന് ആര് അത് ഓർക്കുന്നു. മലയാള സാഹിത്യ പുരസ്കാരം നേടുന്നവർ പോലും ആ വ്യക്തിയെ മറന്നുകളയുന്നു. സുവിശേഷത്തിന്റെ സംഭാവനകൾ അത്ര വലുതാണ്.

Welcome to All
Malayalam Worship Service In Delhi
**Faith Fellowship Church**
New Delhi
Sunday Service at 10 am

| Pr. Binoy P. John | Pr. T.D. Sudhakaran | Pr. Binu John |
|---|---|---|
| Mob.9871728600 | Mob. 9717385578 | Mob. 9999365334 |
| Near DDA Flats, Ladosari | 547/6, Govind puri, Kalkaji 19 | 3rd Floor, Sun View Apt., West Sant Nagar, Burari |

**ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ**

സിൽവർ ജൂബിലി നിറവിൽ

1. സഭാ സ്ഥാപനം (ഫെയ്ത്ത് ഫെലോഷിപ്പ് ചർച്ച്- ഡൽഹി, ബീഹാർ, കേരളം)
2. ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജ് (കേരളം)
3. ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ സ്കൂളുകൾ (ബീഹാർ)
4. ഐ.സി.എം. അക്കാദമികൾ (ബീഹാർ)
5. കോച്ചസ് ചൈൽഡ് ഡെവലെപ്പ്മെന്റ് സെന്റർ (ബീഹാർ)
6. ഫെയ്ത്ത് സീയോൻ സിംഗേഴ്സ് (കേരളം)
7. വിശ്വാസി പബ്ലിക്കേഷൻസ്
8. മ്യൂസിക്കൽ സി.ഡികൾ (സ്നേഹധ്വനി, സ്നേഹധാര, സ്നേഹനാഥൻ, കൺവൻഷൻ ഗാനങ്ങൾ, സ്നേഹമാധുരി, പ്രേംവാണി (ഹിന്ദി), പ്രേമമാധുരി (തെലുങ്ക്)

ഈ പ്രവർത്തനങ്ങളിൽ നിങ്ങൾക്കും പങ്കാളികളാകാം

1. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഞങ്ങളെ അറിയിക്കുക
2. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ ഓർത്ത് ദിവസവും പ്രാർത്ഥിക്കുക
3. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ മറ്റുള്ളവർക്ക് പരിചയപ്പെടുത്തുക
4. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ സാമ്പത്തികമായി സഹായിക്കുക

സംഭാവനകൾക്ക് ആദായനികുതി (80ജി) ഇളവ് ലഭിക്കുന്ന രസീത് നൽകുന്നതാണ്.

INDIAN CHRISTIAN MISSION
Yash Apartments, Flat no 101, First Floor, 96/E,
Ward No: 2, Mehrauli, New Delhi-110030
E-mail: icm4india@yahoo.com, Website: www.indianchristianmission.com

87, Tenement-II, RBTB Hospital,
Kingsway Camp, Delhi-110009
India

# VISWASI

NEWSPAPER REGN. No. 65362 / 97
POSTAL REGN.NO. DL 07 / 0138 / 15 - 17
Date of Publication - 5th March 2016
Date of Posting - 7th & 8th of every month
Total Number of pages : 4

Tel : 91 9810084388, e-mail : icm4india@yahoo.com, website- www.indianchristianmission.com

Price Rs. 3/-

# സുവിശേഷം വരുത്തിയ മാറ്റം



**പാസ്റ്റർ ജോസ് ശാമുവേൽ**
**ന്യൂഡൽഹി**

**യേ**ശുക്രിസ്തുവിന്റെ തിരുഹൃദയത്തിൽ മറഞ്ഞുകിടക്കുന്ന മറ്റൊരു മർമ്മമാണ് സുവിശേഷം. എഫെ. 3:5 ആ മർമ്മം ഇപ്പോൾ അവന്റെ വിശുദ്ധ അപ്പോസ്ഥലന്മാർക്കും അവന്റെ പ്രവാചകന്മാർക്കും ആത്മാവിനാൽ വെളിപ്പെട്ടത് പോലെ പൂർവ്വകാലങ്ങളിൽ മനുഷ്യർക്ക് അറിവായിരുന്നില്ല. അതോ ജാതികൾ സുവിശേഷത്താൽ ക്രിസ്തുയേശുവിൽ കൂട്ടവകാശികളും ഏക ശരീരസ്ഥരും വാഗ്ദത്തത്തിൽ പങ്കാളികളും ആകേണം എന്ന് ഉള്ളത് തന്നെ. സകല വിശുദ്ധാന്മാരിലും ഏറ്റവും ചെറിയവനായ എനിക്ക് ജാതികളോട് ക്രിസ്തുവിന്റെ അപ്രമേയ ധനത്തെക്കുറിച്ച് പ്രസംഗിപ്പാനും സകലവും സൃഷ്ടിച്ച ദൈവത്തിൽ അനാദികാലം മുതൽ മറഞ്ഞുകിടന്ന മർമ്മത്തിന്റെ വ്യവസ്ഥ ഇന്നതെന്ന് എല്ലാവർക്കും പ്രസംഗിപ്പാനുമായി ഈ കൃപ നൽകിയിരിക്കുന്നു എന്ന് വായിക്കുന്നു.

പാപിയായ മനുഷ്യനു യേശുക്രിസ്തു മുഖാന്തിരം ലഭിക്കുന്ന രക്ഷയുടെ സദ്വാർത്തയും ക്രിസ്തുവിൽ വെളിപ്പെട്ടതും ക്രിസ്തുവിലൂടെ ലഭിക്കുന്നതുമായ ദൈവകൃപയുടെ പ്രഘോഷണമാണ് സുവിശേഷം. പാപത്തിലും മരണഭീതിയിലും ഇരുന്ന മനുഷ്യ വർഗ്ഗത്തിന് അതിൽ നിന്നുള്ള വിടുതലും വീണ്ടെടുപ്പും സൗജന്യമായി നൽകുവാൻ പ്രസാദിച്ചു. പിതാവായ ദൈവം പണ്ട് ഭാഗം ഭാഗമായി പൂർവ്വ പിതാക്കന്മാർക്ക് സുവിശേഷ മർമ്മത്തെക്കുറിച്ച് വെളുപ്പെടുത്തിയെങ്കിലും പൂർണ്ണമായി പുതിയ നിയമ യുഗത്തിലാണ് വെളിപ്പെട്ടത്.

എക്കാലവും സുവിശേഷത്തിന് ശക്തമായ എതിർപ്പുകൾ നേരിടേണ്ടി വന്നിട്ടുണ്ട്. സുവിശേഷം എന്ന ദീപത്തെ കെടുത്തികളയുവാൻ ചക്രവർത്തിമാർ, പുരോഹിതന്മാർ, രാഷ്ട്രീയ നേതാക്കന്മാർ, മതനേതാക്കന്മാർ ശ്രമിക്കുന്നു എങ്കിലും അനുദിനം പതറാതെ മുന്നേറുന്ന ഒരേ ഒരു പ്രസ്ഥാനം സുവിശേഷം മാത്രമാണ്. വോൾട്ടയർ വിളിച്ചു പറഞ്ഞു; 100 കൊല്ലത്തിനകം ഒറ്റ ബൈബിൾ പ്രതി ഈ മണ്ണിൽ കാണിക്കുകയില്ല. പക്ഷേ ആ പറഞ്ഞ വോൾട്ടർ ഇന്നെവിടെ? ആറടി മണ്ണിനിരയായി. ധാരാളം ബൈബിൾ പ്രതികൾ അദേഹം തീയിൽ ചുട്ടെരിച്ചു അതിന്റെ ചാമ്പൽ കടൽത്തിരമാലയിൽ ഒഴുക്കിവിട്ടു. എന്നാൽ ആ തിരമാല എവിടെയെല്ലാം ചെന്നടിഞ്ഞുവോ അവിടെയെല്ലാം സുവിശേഷത്തിന്റെ വിത്ത് പാകുവാൻ ഇടയായി. സുവിശേഷം ശക്തമായി അവിടെ വളർന്നുകൊണ്ടിരിക്കുന്നു. തീർന്നില്ല അഹങ്കാരിയായ വോൾട്ടയർ താമസിച്ച കൊട്ടാരത്തിൽ നിന്ന് ബൈബിൾ പ്രിന്റ് ചെയ്ത് ഇറങ്ങുന്നു. സുവിശേഷ വിരോധികളായ നിന്ന ഡൊമിനീഷ്യൻ ചക്രവർത്തി ഇന്നെവിടെ? നീറോ, താർക്കികന്മാർ, തത്വചിന്തകന്മാർ, നിരീശ്വരവാദികൾ, സകലരും അസ്തമിച്ചു പക്ഷേ യേശുവിന്റെ സുവിശേഷം ഇന്നും പ്രകാശിച്ചുകൊണ്ടിരിക്കുന്നു. കാരണം ഏതു മനുഷ്യനെയും പ്രകാശിപ്പിക്കുന്ന വെളിച്ചമായവന്റെയാണ് സുവിശേഷം.

ഇടമറുകും, A.T കോവൂറും കമ്പകെട്ടി നിരത്തിലറങ്ങി ദൈവം ഇല്ല എന്ന് ഉറക്കെ പ്രസ്താവിച്ചു. പക്ഷേ ഫലം ശൂന്യം ചെറിയ കാറ്റിനാൽ ആ നാവ് തകർന്നുപോയി. സ്നേഹിതരേ സുവിശേഷം ഇന്നും ജീവിക്കുന്നു.

സുവിശേഷമാണ് സമൂഹത്തിന് സമൂല പരിവർത്തനം നൽകിയത്. വിദേശ മിഷനിമാർ കഷ്ടപ്പെട്ട് പട്ടിണി കിടന്ന് സുവിശേഷത്തിന്റെ വിത്ത് ഭാരത മണ്ണിൽ പാകി. ശപിക്കപ്പെട്ട ഭാരതം ക്രിസ്തുവിന്റെ സുവിശേഷ പ്രകാശനത്താൽ വിമുക്തമായി. സുവിശേഷം ഭാരതമണ്ണിൽ നൽകിയ സം

(ശേഷം മൂന്നാം പേജിൽ)

**പാപിയായ മനുഷ്യനു യേശുക്രിസ്തു മുഖാന്തിരം ലഭിക്കുന്ന രക്ഷയുടെ സദ്വാർത്തയും ക്രിസ്തുവിൽ വെളിപ്പെട്ടതും ക്രിസ്തുവിലൂടെ ലഭിക്കുന്നതുമായ ദൈവകൃപയുടെ പ്രഘോഷണമാണ് സുവിശേഷം. പാപത്തിലും മരണഭീതിയിലും ഇരുന്ന മനുഷ്യ വർഗ്ഗത്തിന് അതിൽ നിന്നുള്ള വിടുതലും വീണ്ടെടുപ്പും സൗജന്യമായി നൽകുവാൻ പ്രസാദിച്ചു**

ക്രമീകൃത വേദപഠനത്തിന് ഒരു അംഗീകൃത സ്ഥാപനം

## ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജ്

(ഒരു ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ സ്ഥാപനം)

വിജയകരമായ പതിനൊന്നാം വർഷത്തിലേക്ക് പ്രവേശിക്കുന്നു

| കോഴ്സ് | കാലദൈർഘ്യം | യോഗ്യത | മാധ്യമം |
|---|---|---|---|
| ബാച്ചിലർ ഇൻ തിയോളജി | 3 വർഷം | +2, എച്ച്. എസ്. ഇ. | ഇംഗ്ലീഷ് |
| ഡിപ്ലോമ ഇൻ തിയോളജി | 2 വർഷം | എസ്. എസ്. എൽ. സി | മലയാളം |
| സർട്ടിഫിക്കറ്റ് ഇൻ തിയോളജി | 2 വർഷം | എസ്. എസ്. എൽ. സി | മലയാളം |

സവിശേഷതകൾ

സുവിശേഷീകരണത്തിൽ പ്രായോഗിക പരിശീലനം
യോഗ്യതയും ആത്മനിറവുമുള്ള അധ്യാപകർ
പഠനാനന്തരം ശുശ്രൂഷയ്ക്കുള്ള അവസരങ്ങൾ
അയാട്ട (IATA) അംഗീകൃതം

പരിമിതമായ സീറ്റുകൾ. ഉടൻ അപേക്ഷിക്കുക

*റഗുലർ ബാച്ചിൽ പഠിക്കുവാൻ കഴിയാത്ത ഉദ്യോഗസ്ഥർക്കും സുവിശേഷവേലയിൽ താല്പര്യമുള്ള കുടുംബസ്ഥർക്കും വേണ്ടി സി.റ്റി.എച്ച് സായാഹ്ന കോഴ്സ്.*

അടുത്ത ബാച്ച് 2016 ജൂൺ ആദ്യവാരം ആരംഭിക്കുന്നു. പ്രോസ്പക്ടസിനും അപേക്ഷാഫോറത്തിനും കോളജുമായി ബന്ധപ്പെടുക.

Faith Celebration Bible College, Shanthy Nagar, Police Station Road, Adoor PO, Pathanamthitta, Kerala 691523,
Ph. 04734 - 225213, 9961813058 E-Mail:- fcbcadur@yahoo.com, Website: www.indianchristianmission.com

ഉറവ

# വേട്ടമലയിലെ മധുരഗാനങ്ങൾ



**ഇവാ. ജോൺ സാമുവൽ**
**മണക്കാല**

**ആ**ണ്ടുകൾ അനവധി കഴിഞ്ഞിട്ടും ആയിരങ്ങളുടെ അധരങ്ങളിൽ നിന്നും അണമുറിയാതുള്ള ആരാധനയ്ക്കായ് ആത്മനിറവിൽ ആവേശത്തോടെ ആലപിക്കുന്ന അനവധി അനശ്വര ഗാനങ്ങൾ... ആത്മചൈതന്യം പകരുന്ന പാട്ടുകൾ നിമിഷകവിക്കുതുല്യം അനുഭവങ്ങളുടെ അകമ്പടിയോടെ അപ്പപ്പോൾ അരുവികണക്കെ അനർഗളം അർപ്പണ ജീവിതത്തിനുടമയായ വേട്ടമല ഫിലിപ്പോസ് ഉപദേശിയുടെ അകത്തുനിന്ന് പ്രവഹിക്കുമായിരുന്നു.

മലയാളക്കരയിൽ ഒരു പുരുഷായുസ്സ് മുഴുവനും കർത്തൃസേവയ്ക്കായി ജീവിതം സമർപ്പിച്ച് സുവിശേഷത്തിന്റെ കൊടിയുയർത്തിപ്പിടിച്ച് അനേകരെ കർത്താവിനുവേണ്ടി നേടിയ ദൈവദാസനാണ് ഫിലിപ്പോസ് ഉപദേശി. ശുശ്രൂഷയുടെ ഭാഗമായി അനേകം ആത്മീയ ഗാനങ്ങൾ അദ്ദേഹം രചിക്കുകയും ഈണം പകരുകയും ചെയ്തിട്ടുണ്ട്.

അദ്ദേഹത്തിന്റെ ജീവചരിത്രത്തേക്കുറിച്ച് മതിയായ രേഖകൾ ഇല്ലെങ്കിലും ലഭിച്ച അറിവുകൾ ഇവിടെ പങ്കുവയ്ക്കുന്നു.

ആയിരത്തിത്തൊള്ളായിരത്തിൽ(1900) ജനനം. പന്ത്രണ്ടാമത്തെ വയസ്സിൽ കുളങ്ങര അവറാച്ചൻ എന്ന ദൈവദാസനാൽ സുവിശേഷം കേട്ട് യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിച്ചു. തുടർന്ന് ഫിലിപ്പോസ് എന്ന് പേരിൽ അറിയപ്പെട്ടു. ആ കാലത്ത് രക്ഷാസൈന്യ സഭാവിഭാഗത്തിലെ അംഗങ്ങളായിരുന്നു കുടുംബം. ഇതിനിടയിൽ കർത്താവിൽ പ്രസിദ്ധനായ പാസ്റ്റർ കെ.ഇ. ഏബ്രഹാമിൽ നിന്ന് സുവിശേഷസത്യങ്ങളെക്കുറിച്ച് ഗ്രഹിക്കുകയും വിശ്വാസസ്നാനം സ്വീകരിക്കുകയും പരിശുദ്ധാത്മാവിനെ പ്രാപിച്ച് പൂർണ്ണസമയം കർത്താവിന്റെ വേലക്കാരനായി പ്രവർത്തിച്ചു വരികയും ഐ.പി.സി സഭാംഗമാകുകയും ചെയ്തു. എന്നാൽ അവിടെ ഉണ്ടായ ചില അഭിപ്രായ വെത്യാസങ്ങളാൽ ഫിലിപ്പോസ് ഉപദേശി മർത്തോമ്മ സഭയിലെ ഒരംഗമായി ചേർന്നു.

1962 വരെ ആ സഭയിലെ സഞ്ചാരസുവിശേഷകന്മാരിൽ ഒരാളായി പ്രവർത്തിച്ചു. ആ കാലത്ത് ഇരുപ്പുഴി കൂട്ടായ്മ എന്നപേരിൽ ഒരു പ്രാർത്ഥനാ കൂടിവരവ് ആരംഭിക്കുകയും അനേകർ രക്ഷിക്കപ്പെടുകയും ചുരുക്കം ചിലർ ഒഴികെ ബാക്കി എല്ലാവരും വിശ്വാസസ്നാനം സ്വീകരിക്കുകയും ചെയ്തു. ഇതു നിമിത്തം സഭാനേതൃത്വം ഉൾപ്പെടെ ഫിലിപ്പോസ് ഉപദേശിക്ക് വിരോധമാവുകയും വിശദമായി ചോദ്യം ചെയ്യുകയും ചെയ്തു. ഒടുവിൽ അദ്ദേഹം തെറ്റുകാരനല്ല എന്ന് തിരുമേനി വിധിയെഴുതി. എങ്കിലും തുടർന്ന് ആ പ്രസ്ഥാനത്തിൽ സജീവമായ പ്രവർത്തനത്തിന് അനുവാദം കൊടുത്തില്ല. അന്ന് സഭയുടെ വികാരിയായിരുന്ന എം.എ. ജേക്കബ് അച്ചൻ ഇവാഞ്ചലിക്കൽ സഭയിലേക്ക് മാറി. ഇവാഞ്ചലിക്കൽ സഭ സുവിശേഷത്തിനുവേണ്ടി നിലകൊള്ളുന്ന സഭയാണെന്നും അതിലേക്ക് വന്നാൽ എല്ലാവിധ കൈത്താങ്ങലുകളും പ്രവർത്തനങ്ങൾക്ക് നൽകാമെന്ന് വാഗ്ദാനം ജേക്കബ് അച്ചൻ ചെയ്തതിന്റെ ഫലമായി 1962ൽ ആ സഭയോട് ചേർന്ന് പ്രവർത്തിച്ചു. സഭ ഫിലിപ്പോസ് ഉപദേശിയുടെ സുവിശേഷ പ്രവർത്തനങ്ങൾക്ക് പൂർണ്ണ പിന്തുണ നൽകി.

മലയാളക്കരയിലെ സുവിശേഷീകരണത്തിനു വേണ്ടി നിലകൊണ്ടിരുന്ന മൂത്താംപാക്കൽ കൊച്ചുകുഞ്ഞ് ഉപദേശി, മഹാകവി കെ.വി. സൈമൺ സാർ, പാസ്റ്റർ കെ.ഇ. ഏബ്രഹാം പുഞ്ചമണ്ണിൽ മാമൻ ഉപദേശി മുതലായ ദൈവദാസന്മാരുടെ സമകാലികനായിരുന്നു വേട്ടമല ഫിലിപ്പോസ് ഉപദേശി.

തനതായ ജീവിതാനുഭവങ്ങളുടെ പശ്ചാത്തലത്തിൽ താൻ എഴുതിയ ഗാനങ്ങളിൽ മിക്കവയും പ്രത്യാശാ ഗാനങ്ങൾ ആയിരുന്നു. വാഴും ഞാനെൻ രക്ഷിതാവിൻ കൂടെയെപ്പോഴും എൻപ്രീയ രക്ഷകൻ നീതിയിൻ സൂര്യനായ്, ക്രിസ്ത്യജീവിതം പോൽ ഭാഗ്യം പാരിലെന്തുള്ളു, വിശുദ്ധിയെ തികച്ചു നാം ഒരുങ്ങി നിൽക്ക, എപ്പോഴാണെന്റെ സോദരാ മൃത്യുവരുന്നതോർക്കായ്കിൽ, കാൽവരി മരക്കുരിശിൽ എനിക്കായി, കർത്താവിൻ ഭക്തന്മാർ വാഗ്ദത്ത നാടതിൽ, മഹാത്ഭുതമേ കാൽവറിയിൽ കത്തുന്ന സ്നേഹം തുടങ്ങി നൂറുകണക്കിന് ഇന്നും ജീവിക്കുന്ന ഗാനങ്ങൾ അദ്ദേഹത്തിന്റെ തൂലികയിൽ നിന്നും വിരിഞ്ഞിട്ടുണ്ട്.

ലോകമെമ്പാടും ചിതറിക്കിടക്കുന്ന മലയാള ക്രൈസ്ത്രവർ ഇന്നും ഈ ഗാനങ്ങളെല്ലാം നെഞ്ചിലേറ്റി ആലപിക്കുന്നു എന്നത് ശ്രദ്ധേയമാണ്. വേട്ടമല ഫിലിപ്പോസ് ഉപദേശിയുടെ ചിലഗാനങ്ങൾ എഴുതാനുണ്ടായ പശ്ചാത്തലം പ്രിയ വായനക്കാർക്കായി അടുത്ത ലക്കത്തിൽ എഴുതുന്നതാണ്.

(തുടരും)

Edited, Printed, Published and Owned by Pastor M. Samuelkutty, 87 Tenement-II, RBTB Hospital, Delhi-9, at New Life Printers (P) Ltd, Delhi-9, Tel : 32607442